4074
9/4/15


# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-കേൾവി പരിശോധനയ്ക്കായി 5 OAE Screeners KMSCL വഴി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.


---

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം.206 /2015/സാ.നീ.വ തിരുവനന്തപുരം, തീയതി 30.3.2015

---

പരാമർശം:- 1. 25.2.2015 ലെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്റ്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 255/SID/OAE/2014 നമ്പർ കത്ത്.
2. 30.1.2015 ലെ SID ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് കമ്മിറ്റി മിനിട്ട്സ്

## <u>ഉത്തരവ്</u>

പരാമർശം 1 ലെ കത്തു പ്രകാരം സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ നവജാത ശിശുക്കൾക്ക് കേൾവി പരിശോധനയ്ക്കായി ആശുപത്രികളിൽ OAE Screeners ലഭ്യമാക്കിയിട്ടുണ്ടെന്നും പരിശോധനയ്ക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നും പല ആശുപത്രികളിലും OAE മെഷീൻ സാങ്കേതികമായ തകരാറുകൾ വരുമ്പോൾ സ്ക്രീനിംഗ് മുടങ്ങുന്ന സാഹചര്യം നിലവിലുണ്ടെന്നും കൂടാതെ JPHN മാർക്ക് ട്രെയിനിംഗ് നൽകുവാനും OAE Screeners ആവശ്യമാണെന്നും SID പ്രോജക്റ്റ് ഡയറക്ടർ &എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം ചേർന്ന SID ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് കമ്മിറ്റി ടി പ്രൊപ്പോസലിന് അംഗീകാരം നൽകുകയും 5 OAE Screeners കൂടി KMSCL വഴി ലഭ്യമാക്കുവാനും ഇവ ട്രെയിനിംഗിനും സ്റ്റാന്റ് ബൈ ആയും ഉപയോഗിക്കുന്നതിനും തീരുമാനിച്ചു.

ഈ സാഹചര്യത്തിൽ 5 OAE Screeners കൂടി KMSCL വഴി വാങ്ങുവാനും ആയതിലേയ്ക്കായി 16,13,305 രൂപ(പതിനാറു ലക്ഷത്തി പതിമൂന്നായിരത്തി മുന്നൂറ്റി അഞ്ച് രൂപ മാത്രം) 2235-02-101-78(2) ശീർഷകത്തിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, SID, 40, ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ